പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 4011

25.06.2018 ലെ മറുപടിയ്ക്ക്.

## നെന്മിനി പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടത്തിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി |
|---|---|

| | | | |
|---|---|---|---|
| (എ) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പെരിന്തൽമണ്ണ ബ്ലോക്കിലെ നെന്മിനി പ്രീമെട്രിക് ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണത്തിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; കെട്ടിട നിർമ്മാണം ആരംഭിക്കുന്ന തിനായി പട്ടികജാതി വികസന വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ്; വിശദാംശം ലഭ്യമാക്കുമോ: | (എ) | നെന്മിനി ബോയ്സ് പ്രീമെട്രിക് ഹോസ്റ്റലിന്റെ കെട്ടിട നിർമ്മാണത്തിനായി 115 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി ഹോസ്റ്റൽ കെട്ടിട നിർമ്മാണത്തിനായി തുക അനുവദിച്ച് 24/03/15-ൽ പി. ഡബ്ല്യു ഡി. ചീഫ് എഞ്ചിനീയർക്ക് ഉത്തരവ് നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുളള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | പ്രവൃത്തി ആരംഭിക്കുന്നതിന് വേണ്ടി പട്ടികജാതി വികസന വകുപ്പ് ഏറ്റവും ഒടുവിലായി പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടത് എന്നാണ്; ആയതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | മലപ്പുറം ജില്ലാ പട്ടികജാതി വികസന ആഫീസ് മുഖേന 16/01/2018, 06/04/2018 തീയതികളിലും പെരിന്തൽമണ്ണ പട്ടികജാതി വികസന ആഫീസ് മുഖേന 06/04/2018 - ലും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർ, മലപ്പുറം പൊതുമരാമത്ത് വകുപ്പിൽ നിന്നും11/04/2018-ൽ മറുപടി ലഭ്യമായിട്ടുണ്ട്.<br>പരിശോധനയ്ക്കായി ചീഫ് എഞ്ചിനീയർ 11/04/2018 - ന് സ്ഥലം സന്ദർശിക്കുകയും ഡിസൈൻ പ്രവർത്തനങ്ങൾ കഴിയുന്നതും വേഗം തീർപ്പാക്കാൻ നടപടികൾ കൈക്കൊള്ളുന്നുണ്ടെന്ന് ഉറപ്പ് ലഭിച്ചിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, മലപ്പുറം അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ